## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1729** | **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിച്ചു കൊടുക്കുന്നത് എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | എ) | ഭൂരഹിതരായ ഭവനരഹിതർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന സമുച്ചയങ്ങൾ നിർമ്മിച്ച്, ഭവനം നൽകാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി സൗജന്യമായി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ഭവന സമുച്ചയം ആദ്യഘട്ടത്തിൽ നിർമിക്കുന്നതാണ്. കൂടാതെ പൈലറ്റായി എല്ലാ ജില്ലയിലും ഒരു ഭവന സമുച്ചയം, നടപ്പുവർഷം തന്നെ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇത്തരത്തിൽ പൈലറ്റായി ഭവനസമുച്ചയങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കാസർഗോഡ് - ചെമ്മനാട് ഗ്രാമപഞ്ചായത്ത്<br>കണ്ണൂർ - കടമ്പൂർ ഗ്രാമപഞ്ചായത്ത്<br>കോഴിക്കോട് - മാവൂർ ഗ്രാമപഞ്ചായത്ത്<br>മലപ്പുറം - പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി<br>വയനാട് - സുൽത്താൻ ബത്തേരി<br>പാലക്കാട് - ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി<br>തൃശ്ശൂർ - വടക്കാഞ്ചേരി മുനിസിപ്പാലിറ്റി<br>എറണാകുളം - കൊച്ചി നഗരസഭ - ജി.സി.ഡി.എയുടെ ഭൂമിയിൽ<br>ഇടുക്കി - കരിമണ്ണൂർ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത്<br>ആലപ്പുഴ - ആലപ്പുഴ മുനിസിപ്പാലിറ്റി<br>കോട്ടയം - വിജയപുരം ഗ്രാമപഞ്ചായത്ത്<br>പത്തനംതിട്ട - പന്തളം മുനിസിപ്പാലിറ്റി<br>കൊല്ലം - പുനലൂർ മുനിസിപ്പാലിറ്റി<br>തിരുവനന്തപുരം - തിരുവനന്തപുരം കോർപ്പറേഷൻ |
| (ബി) | ഫ്ലാറ്റ് നിർമ്മാണ കരാർ ആരെയൊക്കെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ടെണ്ടർ നടപടികൾ<br>പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ<br>കരാർ ആരെയും ഏൽപ്പിച്ചിട്ടില്ല. |
| (സി) | ഫ്ലാറ്റ് നിർമ്മാണത്തിനുള്ള കരാർ നടപടികൾ പൂർത്തിയായിട്ടുള്ളത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (ഡി) | ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളിടത്ത് ഏകവ്യക്തിയോ കമ്പനിയോ മാത്രം ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി)<br>&<br>(ഇ) | മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സാധുവായ ഏക ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് ഊരാളുങ്കൽ ലേബർ സൊസൈറ്റിയാണ്. |
| (ഇ) | എങ്കിൽ അത് എവിടെയാണെന്നും ടെണ്ടറിൽ പങ്കെടുത്ത ഏകവ്യക്തി/കമ്പനി ആരാണെന്നും വ്യക്തമാക്കാമോ; | | |
| (എഫ്) | ഒരു കമ്പനി/വ്യക്തി മാത്രം ടെണ്ടറിൽ പങ്കെടുക്കുകയാണെങ്കിൽ വീണ്ടും ടെണ്ടർ വിളിക്കണമെന്ന വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എഫ്) | ആദ്യ ടെണ്ടറിൽ ഏക കമ്പനി/ വ്യക്തി മാത്രമാണെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുണ്ട് |

| | | | |
|---|---|---|---|
| (ജി) | ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിന്റെ ടെണ്ടറിൽ പങ്കെടുത്ത ഏക വ്യക്തിക്കോ കമ്പനിക്കോ കരാർ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത്തരം വ്യക്തികൾ/കമ്പനി ഏതെല്ലാമാണെന്നും ഏത് കരാറാണ് അവർക്ക് നൽകിയതെന്നും വ്യക്തമാക്കാമോ? | (ജി) | കരാർ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**